(ബി) എങ്കിൽ അതനുസരിച്ച് പ്രസ്തുത കാലയളവിൽ സർവ്വീസിലായിരുന്ന വികലാംഗരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര വികലാംഗർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട് ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത ഉത്തരവനുസരിച്ച് സ്ഥിര നിയമനത്തിന് അപേക്ഷിച്ചിട്ടുള്ള എത്ര അപേക്ഷകർക്ക് ഇനിയും നിയമനം നൽകാനുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമിക്കപ്പെട്ട് 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗർക്ക് സ്ഥിര നിയമനം നൽകുന്നതിനാവശ്യമായ 536 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

179 ദിവസം ജോലി ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

61 [1266] ശ്രീ. തന്വാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ 1998 ആഗസ്റ്റ് 15-ാം തീയതി മുതൽ 1999 ആഗസ്റ്റ് 15-ാം തീയതി വരെ 179 ദിവസം ജോലി ചെയ്ത വികലാംഗരെ സ്ഥിരപ്പെടുത്താനുള്ള തീരുമാനം സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇങ്ങനെ നിയമിക്കപ്പെട്ട വികലാംഗരുടെ എണ്ണം വ്യക്തമാക്കാമോ ?

ഉത്തരം

(എ, ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികമായി നിയമിക്കപ്പെട്ട 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ 179 ദിവസം താൽക്കാലിക സർവ്വീസ് പൂർത്തിയാക്കിയ വികലാംഗർക്ക് സ്ഥിരം നിയമനം നൽകുന്നതിനാവശ്യമായ 536 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly